**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – തിരുവനന്തപുരം ജില്ലാ ശിശുക്ഷേമ സമിതി - 'തെളിനീർ' സഹവാസ ക്യാമ്പ് - നേമം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 258/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29/01/2018

പരാമർശം:- തിരുവനന്തപുരം ജില്ലാ ശിശുക്ഷേമ സമിതി സെക്രട്ടറിയുടെ കത്ത്.

**ഉത്തരവ്**

ജില്ലാ ശിശുക്ഷേമ സമിതി കൗമാര പ്രതിഭകളായ കുട്ടികൾക്കായി 'തെളിനീർ' എന്നപേരിൽ കുട്ടികളുടെ മൂന്ന് ദിവസത്തെ സഹവാസ ക്യാമ്പ് 2018 ജനുവരി 26,27,28 തീയതികളിൽ മലയിൻകീഴിൽ വച്ച് നടത്തുകയാണെന്നും ജില്ലയിലെ വിവിധ മേഖലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 200 ലധികം കുട്ടികൾ പങ്കെടുക്കുന്ന ക്യാമ്പിൽ, പ്രകൃതി യാത്ര, ജലസംരക്ഷണ കൂട്ടായ്മ ഉൾപ്പടെ വിവിധങ്ങളായ അനുബന്ധ പരിപാടികളും സംഘടിപ്പിക്കുന്നുണ്ടെന്നും, പരിപാടിയുടെ വിജയത്തിനായി നേമം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും, ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന മലയിൻകീഴ്, വിളപ്പിൽ, വിളവൂർക്കൽ, പള്ളിച്ചൽ, ബാലരാമപുരം, കല്ലിയൂർ, മാറനല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 10,000/- രൂപ വീതം അനുവദിച്ച് നൽകണമെന്നും പരാമർശ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ ശിശുക്ഷേമ സമിതി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ ശിശുക്ഷേമ സമിതി 2018 ജനുവരി 26,27,28 തീയതികളിൽ മലയിൻകീഴിൽ വച്ച് നടത്തുന്ന കൗമാര പ്രതിഭകളായ കുട്ടികൾക്കായുള്ള 'തെളിനീർ' എന്ന കുട്ടികളുടെ മൂന്ന് ദിവസത്തെ സഹവാസ ക്യാമ്പിന്റെ നടത്തിപ്പിന് നേമം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന മലയിൻകീഴ്, വിളപ്പിൽ, വിളവൂർക്കൽ, പള്ളിച്ചൽ, ബാലരാമപുരം, കല്ലിയൂർ, മാറനല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും 10,000/-(പതിനായിരം) രൂപ വീതം സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി. ജെ. ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം ജില്ലാ ശിശുക്ഷേമ സമിതി, ചെട്ടിക്കുളങ്ങര, തിരവനന്തപുരം - 695001.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.